

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ



## 12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# ഉള്ളടക്കം


12 ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം . . . . . . 1

1 ഉൽപ്പാദനത്തിന്റെ അടിസ്ഥാനം . . . 3

2 കച്ചവടത്തിന്റെ അഭിവൃദ്ധി . . . . . . 4

3 സാമ്പത്തിക വൈരുദ്ധ്യങ്ങൾ . . . . 5

4 വൈദികതത്വത്തെ വെല്ലുവിളിച്ച ചിന്തകന്മാർ . . . . . . . . . . . . . 6

# 12

# ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം

ഉപനിഷത്തുക്കളുടെ കാലം തൊട്ടാരംഭിച്ച ദാർശനിക ചിന്തകൾ ബുദ്ധന്റേയും മഹാവീരന്റേയും കാലമായപ്പോഴേക്കും ഉന്നതമായ ഒരു നിലവാരത്തിലെത്തി. സമകാലികരായ ഈ രണ്ടു മഹാത്മാക്കൾ ജീവിക്കുകയും തങ്ങളുടെ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തത്, ബിംബിസാരൻറേയും അജാതശത്രുവിൻറേയും കാലത്താണ്. അശോകചക്രവർത്തിയുടെ കാലത്ത് ബുദ്ധമതം ഔദ്യോഗികമതമായി അംഗീകരിക്കപ്പെട്ടു.

ഈ കാലഘട്ടത്തിൽ ഇന്ത്യയിൽ നിലനിന്നുപോന്ന സാമൂഹ്യവ്യവസ്ഥയുടെ സ്വഭാവമെന്തായിരുന്നു? അതൊരു നാട്ടുവാഴി വ്യവസ്ഥയായിരുന്നു എന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. മറ്റു ചിലരുടെ അഭിപ്രായത്തിൽ ബുദ്ധനുമുമ്പുതന്നെ ഇന്ത്യയിൽ മുതലാളിത്ത വ്യവസ്ഥയാരംഭിച്ചുകഴിഞ്ഞിരുന്നു. ഈ രണ്ടഭിപ്രായങ്ങളും ശരിയല്ല. ബുദ്ധന്റെ കാലത്ത് ഇന്ത്യയിലെല്ലായിടത്തും വർണാശ്രമധർമങ്ങൾ എന്നറിയപ്പെടുന്ന വർഗവിഭജനം പോലും ആവിർഭവിച്ചു കഴിഞ്ഞിരുന്നില്ല. പലേടത്തും ജനങ്ങളുടെ കൂട്ടായ ഭരണമാണ് നിലനിന്നിരുന്നത്. പക്ഷേ, സ്വകാര്യ സ്വത്തുടമയുടെ വളർച്ച കാരണം പൊതുവുടമയും ജനാധിപത്യഭരണവും ഛിന്നഭിന്നമാവാൻ തുടങ്ങിയിരുന്നു. പലേടത്തും രാജകീയഭരണത്തിൻകീഴിൽ അടിമത്തവ്യവസ്ഥ അതിവേഗം വളരാൻ തുടങ്ങിയിരുന്നു.

## 1 ഉൽപ്പാദനത്തിന്റെ അടിസ്ഥാനം

രാജാക്കന്മാർ വലിയ സ്വത്തുടമസ്ഥരായിരുന്നുവെന്നത് നേരാണ്. പക്ഷേ, ശരിയായ അർത്ഥത്തിൽ, അവർ നാട്ടുവാഴികളായിരുന്നില്ല. അടിമത്തത്തിന്റെ അടിസ്ഥാനത്തിലുള്ള ഉൽപ്പാദനസമ്പ്രദായമാണ് അവരെ സ്വത്തുടമസ്ഥന്മാരാക്കിയത്.

ഈ കാലഘട്ടത്തിൽ ജനങ്ങൾ എങ്ങനെ ജീവിച്ചുപോന്നു; അവർ എന്തൊക്കെ, ഏതു രീതിയിൽ, ഏതുതരം ഉപകരണങ്ങൾ കൊണ്ട് ഉൽപ്പാദിപ്പിച്ചു; അവരുടെ പരസ്പരബന്ധങ്ങൾ എങ്ങനെയുള്ളതായിരുന്നു എന്നൊക്കെ മനസ്സിലാക്കാൻ സഹായിക്കുന്ന ഗ്രന്ഥങ്ങൾ കുറവാണ്. എങ്കിലും ചന്ദ്രഗുപ്തന്റെ മന്ത്രിയായിരുന്ന കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ നിന്നും ബുദ്ധന്റെ ജീവിതകാലത്തെ അനുസ്മരിക്കുന്ന ജാതകകഥകളിൽ നിന്നും മനുസ്മൃതി, നാരദസ്മൃതി മുതലായ സ്മൃതികളിൽ നിന്നും ചില ശിലാരേഖകളിൽ നിന്നും അക്കാലത്തെ സാമൂഹ്യവ്യവസ്ഥയുടെ സ്വഭാവത്തെപ്പറ്റി ഏറെക്കുറെ മനസ്സിലാക്കാൻ സാധിക്കും. ഈ ഗ്രന്ഥങ്ങളൊന്നും തന്നെ ഫ്യൂഡൽ ഗ്രന്ഥങ്ങളെപ്പറ്റി പ്രസ്താവിക്കുന്നില്ല. അടിമത്തവ്യവസ്ഥയുടെ വളർച്ചയെപ്പറ്റി അടിമകളും ഉടമകളും തമ്മിലുള്ള ബന്ധങ്ങളെ നിർണയിക്കുന്ന നിയമങ്ങളെപ്പറ്റിയുമാണ് അവ പ്രതിപാദിക്കുന്നത്. ‘പോത്ത്, കാള, സ്വർണാഭരണം, ചന്ദനമരം എന്നിവയെപ്പോലെതന്നെ ദാസന്മാരും ഉടമകളുടെ സ്വത്തുക്കളാകുന്നു’ എന്ന് ജാതകകഥകൾ ചൂണ്ടിക്കാണിക്കുന്നു. വിവിധതരത്തിലുള്ള അടിമകളെപ്പറ്റി മനുസ്മൃതിയും നാരദസ്മൃതിയും പ്രതിപാദിക്കുന്നുണ്ട്. വിസ്തൃതമായ പ്രദേശങ്ങളെ കോളനികളാക്കി മാറ്റിക്കൊണ്ട് അടിമകളുടെയും കൂലിവേലക്കാരുടെയും സഹായത്തോടുകൂടി കൃഷി നടത്തിയിരുന്നതെങ്ങനെയെന്ന് കൗടില്യന്റെ അർത്ഥശാസ്ത്രം വിവരിക്കുന്നു. ജാതകകഥകളെപ്പറ്റി പഠനം നടത്തിയ റിച്ചേർഡ് ഫിക്ക് പറയുന്നത്, പണക്കാരായ ഭൂവുടമകളും കച്ചവടക്കാരും അടിമകളെ ചൂഷണം ചെയ്തുകൊണ്ടാണ് വമ്പിച്ച സ്വത്തുക്കൾ സമ്പാദിച്ചിരുന്നത് എന്നാണ്. അടിമകളെക്കൊണ്ടും കൂലിവേലക്കാരെ കൊണ്ടും ചെയ്യിക്കുന്ന കൃഷിപ്പണി മേൽനോട്ടം ചെയ്യാൻ വേണ്ടി തങ്ങളുടെ വയലുകളിലേക്കു പോകുന്ന ബ്രാഹ്മണരെപ്പറ്റി അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്. ആയിരമോ അതിലും കൂടുതലോ ‘കരിഷങ്ങൾ’ (ഏക്ര?) വരുന്ന വിശാലമായ എസ്റ്റേറ്റുകളെപ്പറ്റിയും, അടിമകളുടെയും കൂലിവേലക്കാരുടെയും സഹായത്തോടുകൂടി അഞ്ഞൂറിലധികം കരികളുപയോഗിച്ച് കൃഷി നടത്തിയിരുന്ന പണക്കാരായ ചില ബ്രാഹ്മണരെപ്പറ്റിയും ഡോക്ടർ രാധാകുമുദമുക്കർജി വിവരിക്കുന്നുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ അടിമത്തവ്യവസ്ഥ അതിവേഗം വളർന്നുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് ബുദ്ധനും മഹാവീരനും ജനിച്ചത്. അവർക്കുശേഷവും കുറേക്കാലത്തേക്ക് അടിമത്തം അവസാനിക്കുകയല്ല, കൂടുതൽ പരന്നുപിടിക്കയാണുണ്ടായത്. ബുദ്ധമതത്തെ ഔദ്യോഗികമതമായി അംഗീകരിച്ച അശോകചക്രവർത്തിപോലും അടിമത്തമവസാനിപ്പിക്കാനല്ല, അടിമകളോടു കൂടുതൽ ദയ കാണിക്കാൻ മാത്രമാണ് ആവശ്യപ്പെട്ടത്. അടിമകളോടും ഭൃത്യന്മാരോടും ദയ കാണിക്കുക, മൂത്തവരെ ബഹുമാനിക്കുക, വികാരങ്ങളെ നിയന്ത്രിക്കുക, ദാനം ചെയ്യുക മുതലായവയിലാണ് ധർമം കിടക്കുന്നത് എന്നദ്ദേഹം തന്റെ ഒമ്പതാമത്തെ ശിലാശാസനത്തിൽ പ്രഖ്യാപിച്ചിരുന്നു.

ഒരു കാര്യം ശരിയാണ്: ഗ്രീസ്, റോം തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലുണ്ടായിരുന്നതുപോലെ അത്ര രൗദ്രമായ തരത്തിലും കലർപ്പറ്റ രീതിയിലുമല്ല ഇന്ത്യയിലെ അടിമത്തം വളർന്നുവന്നത്. അടിമത്തത്തോടൊപ്പം തന്നെ പ്രാകൃത കമ്യൂണിസത്തിന്റെ പല അവശിഷ്ടങ്ങളും ഇവിടെ നിലനിന്നിരുന്നു. രാജാക്കന്മാർക്ക് സാമന്തന്മാർ കപ്പം കൊടുക്കണമെന്നും കൃഷിചെയ്യുന്നവർ വിളവിന്റെ നാലിലൊന്നോ ആറിലൊന്നോ കരമായി കൊടുക്കണമെന്നും മറ്റുമുള്ള വ്യവസ്ഥകളുമുണ്ടായിരുന്നു. പക്ഷേ, അതു ഫ്യൂഡലിസമായിരുന്നില്ല. അടിമത്തമായിരുന്നു ഉല്പാദനത്തിന്റെ അടിസ്ഥാനം.

സമുദായത്തിൽ മേധാവിത്വം പുലർത്തിപ്പോന്നത് അപ്പോഴും പുരോഹിതവർഗ്ഗക്കാരായ ബ്രാഹ്മണരായിരുന്നു. ആദ്യമൊക്കെ അവർ രാജാക്കന്മാരെ അനുഗ്രഹിക്കുകയാണ് ചെയ്തത്. കാരണം അവരുടെ മതപരമായ മേധാവിത്വത്തിന്റെ തണലിലാണ് രാജാക്കന്മാർ വളർന്നത്. എന്നാൽ, രാജാക്കന്മാരുടെ പദവിയും സ്വത്തും വർദ്ധിച്ചപ്പോൾ ഈ സ്ഥിതി മാറി. ബ്രാഹ്മണരും ക്ഷത്രിയന്മാരും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ മൂർച്ഛിക്കാൻ തുടങ്ങി. കൈമാറ്റത്തിന്റെയും കച്ചവടത്തിന്റെയും അഭിവൃദ്ധി ഈ സ്ഥിതിയെ കൂടുതൽ കുഴപ്പം പിടിച്ചതാക്കിത്തീർത്തു.

## 2 കച്ചവടത്തിന്റെ അഭിവൃദ്ധി

വേദങ്ങളുടെ കാലത്തുതന്നെ കൈമാറ്റം ആവിർഭവിച്ചു കഴിഞ്ഞിരുന്നു. കൈമാറ്റത്തിനുള്ള മദ്ധ്യവർത്തി എന്ന നിലയിൽ ആദ്യകാലത്തു പശുക്കളാണ് ഉപയോഗിക്കപ്പെട്ടിരുന്നത്. പശുവായിരുന്നു പണം. ക്രമത്തിൽ കച്ചവടം വളരാൻ തുടങ്ങിയപ്പോൾ, ലോഹങ്ങൾ കൊണ്ടുള്ള നാണ്യങ്ങൾ ഉപയോഗത്തിൽ വന്നു. നിഷകം എന്നൊരു നാണ്യത്തെപ്പറ്റി വേദങ്ങളിൽ തന്നെ പറയുന്നുണ്ട്. നാണ്യങ്ങളുടെ ആവിർഭാവം കച്ചവടത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തി. കച്ചവടക്കാർ എന്ന ഒരു പ്രത്യേക ജനവിഭാഗം തന്നെ ഉയർന്നുവന്നു. ആഭ്യന്തര വ്യാപാരം മാത്രമല്ല വിദേശവ്യാപാരവും അക്കാലത്തുതന്നെ പുഷ്ടിപ്പെടാൻ തുടങ്ങിയിരുന്നു എന്നു പല പണ്ഡിതന്മാരും വ്യക്തമാക്കിയിട്ടുണ്ട്. ‘പട്ട്, മസ്ലീൻ തുണി, വിശിഷ്ടതരങ്ങളായ വസ്ത്രങ്ങൾ, കത്തി മുതലായ ആയുധങ്ങൾ, പടച്ചട്ടയും കസവും ചിത്രത്തയ്യലുകളും പരുക്കൻ പരവതാനികളും സുഗന്ധദ്രവ്യങ്ങളും ഔഷധങ്ങളും ആനക്കൊമ്പും ആനക്കൊമ്പുകൊണ്ടുള്ള പണിത്തരങ്ങളും, ആഭരണങ്ങൾ, സ്വർണ്ണം (വെള്ളി ചുരുക്കമാണ്) — ഇവയിലാണ് കച്ചവടക്കാർ മുഖ്യമായി കൊള്ളക്കൊടുക്ക നടത്തിയിരുന്നത്’, എന്ന് റൈസ് ഡേവിഡ്സ്, തന്റെ ‘ബുദ്ധിസ്റ്റ് ഇന്ത്യ’യിൽ ചൂണ്ടിക്കാണിക്കുന്നു.

കച്ചവടം വർദ്ധിച്ചപ്പോൾ ഉത്പാദനവും അഭിവൃദ്ധിപ്പെട്ടു. നൂൽനൂൽപ്പും ചായം മുക്കലും നെയ്ത്തും സ്വർണം, വെള്ളി, ചെമ്പ്, ഇരുമ്പ്, തകരം, പിച്ചള മുതലായ ലോഹങ്ങൾ കൊണ്ടുള്ള പലതരം പണികളും ശില്പവേലയും എല്ലാം അതിവേഗം പുഷ്ടിപ്പെട്ടു. അതോടൊപ്പം തന്നെ വ്യാപാരികളും സ്വതന്ത്രന്മാരായ കൈത്തൊഴിലുകാരും തങ്ങളുടെ സ്വന്തം സംഘടനകൾ രൂപവൽക്കരിച്ചു. മരപ്പണിക്കാരുടെയും കൽപ്പണിക്കാരുടെയും സംഘം, കർമാളരുടെ സംഘം, തോൽപ്പണിക്കാരുടെ സംഘം, ചായപ്പണിക്കാരുടെ സംഘം, പട്ടുവസ്ത്രം നെയ്യുന്നവരുടെ സംഘം, എന്നിങ്ങനെ പലതരത്തിലുള്ള തൊഴിൽസംഘങ്ങളും നിലവിൽവന്നു. ഗവണ്മെൻറ് തങ്ങളുടെ നേതൃത്വത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾക്കും തങ്ങൾക്കാവശ്യമുള്ള സാമഗ്രികൾക്കും ഈ തൊഴിൽ സംഘങ്ങളെ കൂടുതൽ കൂടുതൽ ആശ്രയിക്കാൻ തുടങ്ങി. അങ്ങനെ മെല്ലെ, മെല്ലെ തൊഴിൽ സംഘങ്ങൾ അല്ലെങ്കിൽ ശ്രേണികൾ, സുശക്തങ്ങളായ സ്ഥാപനങ്ങളായിത്തീർന്നു.

‘ഈ തൊഴിൽ സംഘങ്ങൾക്ക് ഹിതമല്ലാത്ത വല്ല നിയമവും ഏർപ്പെടുത്താൻ രാജാവിനെക്കൂടി അനുവദിച്ചിരുന്നില്ല. — അത്രയ്ക്ക് പ്രബലങ്ങളായിരുന്നു അവ. പുരോഹിതന്മാരെ കഴിച്ചാൽപിന്നെ രാജാവിന്റെ ഉൽക്കണ്ഠാപൂർണ്ണമായ ശ്രദ്ധയ്ക്ക് വിഷയമാകേണ്ടതായി പറഞ്ഞിട്ടുള്ളത് ‘സംഘത്തലവന്മാരേയാണ്’ എന്ന് പ്രൊഫസ്സർ ഇ. വാഷ്ബേൺ ഹോപ്കിൻസ് ‘കേംബ്രിജ് ഹിസ്റ്ററി ഓപ് ഇന്ത്യ’-യിൽ ചൂണ്ടിക്കാണിക്കുന്നു.

സമുദായത്തിന്റെ നിയന്ത്രണം അപ്പോഴും കുലീനന്മാരായ ബ്രാഹ്മണരുടെ കൈയിലായിരുന്നു. അവരുടെ സ്മൃതിഗ്രന്ഥങ്ങൾ കച്ചവടക്കാരേയും തൊഴിൽ സംഘത്തലവന്മാരേയും താഴ്ന്ന ജാതിക്കാരായിട്ടാണ് കണക്കാക്കിയത്. അവരുടെ നിയമങ്ങളും ആചാരങ്ങളും ചരക്കുൽപ്പാദനത്തിന്റെയും വ്യാപാരത്തിന്റെയും വളർച്ചയെ തടഞ്ഞുനിർത്താനാണ് പരിശ്രമിച്ചത്. പക്ഷേ, അതത്ര എളുപ്പമായിരുന്നില്ല. സ്മൃതികളിലെ മനോഹരങ്ങളായ ശ്ലോകങ്ങൾ സാമ്പത്തികനിയമങ്ങളുടെ മുമ്പിൽ ദുർബലങ്ങളായിരുന്നു. സാമ്പത്തികമായും രാഷ്ട്രീയമായും ധാരാളം ശക്തി സമ്പാദിച്ചുകഴിഞ്ഞിരുന്ന കച്ചവടസംഘങ്ങളുടെയും തൊഴിൽ സംഘങ്ങളുടെയും നേതാക്കന്മാർ സ്മൃതികളിലെ പല വ്യവസ്ഥകളേയും പരസ്യമായിത്തന്നെ വെല്ലുവിളിച്ചു. ആ വെല്ലുവിളിയെ നേരിടാൻ കുലീനന്മാരായ ബ്രാഹ്മണർ തങ്ങളുടെ ആവനാഴിയിലുള്ള എല്ലാ ശ്ലോകങ്ങളുമെടുത്തുപയോഗിക്കുകയും ചെയ്തു. കൃഷിക്കാരേയും അടിമകളേയും സ്വതന്ത്രന്മാരായ കൈത്തൊഴിൽ സംഘക്കാരേയും പണക്കാരായ കച്ചവടക്കാരേയും അവർ തങ്ങളുടെ എല്ലാ കഴിവുകളുമെടുത്തെതിർക്കാൻ തുടങ്ങി.

# 3 സാമ്പത്തിക വൈരുദ്ധ്യങ്ങൾ

ബ്രാഹ്മണപുരോഹിതന്മാർ ഒരു കാലത്ത് പ്രയോജന കരവും പുരോഗമനപരവുമായ ഒരു പങ്കുവഹിക്കുകയു ണ്ടായിട്ടുണ്ടെന്ന കാര്യം അവിതർക്കിതമാണ്. ഉത്പാദ നവ്യവസ്ഥയുടെ വളർച്ചയെ അവർ പ്രോത്സാഹിപ്പിച്ചു. തത്വശാസ്ത്രപരമായ സത്യാന്വേഷണത്തെ അവർ ഒരു യർന്ന നിലവാരത്തിലേക്കു നയിച്ചു. പക്ഷേ, ഒരു ഘട്ടം കഴിഞ്ഞപ്പോഴേക്കും ഭൗതികസാഹചര്യങ്ങളിലുണ്ടായ മാറ്റങ്ങൾ അവരെ ഒരു പിന്തിരിപ്പൻ വർഗമാക്കി മാ റ്റിക്കളഞ്ഞു. നെയ്ത്ത്, ചായപ്പണി, ചെറുകിടയന്ത്രങ്ങൾ, ഖനനവേല, ശില്പവേല, ലോഹപ്പണി മുതലായവയെ ല്ലാം അഭിവൃദ്ധിപ്പെട്ടതിന്റേയും സ്വത്തും അധികാരവു മുള്ള പുതിയ വർഗങ്ങൾ ആവിർഭവിച്ചതിന്റേയും അർ ത്ഥം അവർക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഈ സാ മ്പത്തിക പരിവർത്തനങ്ങളെ വകവയ്ക്കാതെ തങ്ങളുടെ സാമൂഹ്യമേധാവിത്വം ശാശ്വതമാണെന്നു വിശ്വസിക്കു കയാണവർ ചെയ്തത്. അനാദിയും അവർണനീയവും സർവചരാചരങ്ങളുടേയും മൂലകാരണവുമായ ബ്രഹ്മമെ ന്ന അജ്ഞാതശക്തിയുടെ തണലിലിരുന്നുകൊണ്ടവർ ആത്മാവിന്റെ നിത്യതയെപ്പറ്റി പ്രസംഗിക്കുകയും യാഗ ങ്ങളും ബലികളും നടത്തിക്കൊണ്ട് ഭൂരിപക്ഷക്കാരായ സാധാരണ ജനങ്ങളെ ചൂഷണം ചെയ്യുകയും ചെയ്തു. ആത്മീയവും ഭൗതികവുമായ ഈ ചൂഷണങ്ങളെ ചെറു ക്കുക എന്നത് ചരിത്രത്തിന്റെ ഒഴിച്ചുകൂടാത്ത ഒരു കടമ യായിത്തീർന്നു. ആ കടമ നിറവേറ്റപ്പെടുകയും ചെയ്തു.

ഒരുഭാഗത്ത് ബ്രാഹ്മണരും ക്ഷത്രിയരും തമ്മിലുള്ള മത്സരങ്ങൾ, മറ്റൊരുഭാഗത്ത് കച്ചവടക്കാരും ബ്രാ ഹ്മണരും തമ്മിലുള്ള സമരങ്ങൾ, വേറൊരുഭാഗത്ത് അടിമകളും ഉടമകളും തമ്മിലുള്ള സമരങ്ങൾ ഇങ്ങനെ സമുദായത്തിലെ എല്ലാത്തരം വൈരുദ്ധ്യങ്ങളും മൂർച്ഛിച്ച കൊണ്ടിരുന്ന ഒരു കാലമായിരുന്നു അത്. അടിമകൾ, കൈവേലക്കാർ, ചെറുകിടക്കാരായ സ്വത്തുടമസ്ഥ ന്മാർ, വൻകിടക്കാരായ കച്ചവടക്കാർ, രാജാക്കന്മാർ എന്നിങ്ങനെ വ്യത്യസ്തങ്ങളായ പല ജനവിഭാഗങ്ങളും ബ്രാഹ്മണമേധാവിത്വത്തിനെതിരായി അസംതൃപ്തിയും വെറുപ്പും പ്രകടിപ്പിക്കാൻ തുടങ്ങിയിരുന്നു. ബ്രാഹ്മണ മേധാവിത്വം അത്രമേൽ ദുഷിച്ചുകഴിഞ്ഞിരുന്നു. വൈരു ദ്ധ്യങ്ങളും കുഴപ്പങ്ങളും നിറഞ്ഞ ഈ സാമൂഹ്യപരിതഃ സ്ഥിതിയിൽ നിന്നാണ് ഗൗതമബുദ്ധനെപ്പോലെയും വർദ്ധമാനമഹാവീരനെപ്പോലെയുമുള്ള മഹാത്മാക്കൾ ഉയർന്നുവന്നത്.

## 4 വൈദികത്വത്തെ വെല്ലുവിളിച്ച ചിന്തകന്മാർ

സാമ്പത്തിക സാമൂഹ്യരംഗങ്ങളിലെന്നപോലെതന്നെ ചിന്താമണ്ഡലത്തിലും പുരോഗമനപരമായ വലിയൊരു മുന്നേറ്റത്തെ ഉത്ഘാടനം ചെയ്ത കാലഘട്ടമായിരുന്നു അത്. ബുദ്ധനും മഹാവീരനും മാത്രമല്ല മറ്റനേകം ദാർശനികനേതാക്കന്മാരും അക്കാലത്തുയർന്നുവരികയുണ്ടായി. ബുദ്ധന്റെ കാലത്ത് അറുപത്തിരണ്ട് വ്യത്യസ്ത തത്വശാസ്ത്രശാഖകളുണ്ടായിരുന്നുവെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ശിരസ്സ് മുണ്ഡനം ചെയ്യുകയും സ്വന്തം ശരീരത്തിന്മേൽ ക്രൂരമായ മർദ്ദനങ്ങളേൽപ്പിക്കുകയും ഉടുതുണി ബന്ധമില്ലാതെ നഗ്നരായി നടന്ന് ഭിക്ഷയാചിക്കുകയും ചെയ്ത യോഗിവര്യന്മാർ മുതൽ ലൗകിക സുഖങ്ങളിലാറാടിക്കളിച്ചുകൊണ്ടുതന്നെ സത്യത്തിന്റെ മുഖത്തു നോക്കാൻ ധൈര്യപ്പെട്ട സന്യാസിമാർ വരെയുള്ള വിവിധതരക്കാരായ ചിന്തകന്മാരാണ് അവയ്ക്ക് രൂപം കൊടുത്തത്. അവയിൽ മിക്കതും ഭൗതികവാദപരമായ അടിസ്ഥാനത്തിലാണ് പ്രകൃതിയേയും പ്രപഞ്ചത്തേയും നോക്കിക്കാണാൻ ശ്രമിച്ചത്. അജിതകേശകംബളൻ, മഖിലഗോശാലൻ മുതലായ നിരീശ്വരവാദികളുടെ ചിന്തകളും ഉപദേശങ്ങളും സമുദായത്തിൽ വമ്പിച്ച കോളിളക്കങ്ങളുണ്ടാക്കി. അക്കാലത്ത് സമുദായത്തിൽ ബഹുമാന്യത നേടിയ ചില ദാർശനികന്മാരെപ്പറ്റി കോസലരാജാവായ പ്രസേനജിത്ത് ഒരിക്കൽ ബുദ്ധനോടു നേരിട്ടു പറഞ്ഞത് രാഹുൽ സാംകൃത്യായൻ തന്റെ ‘വിശ്വദർശനങ്ങ’ളിൽ ഉദ്ധരിക്കുന്നു:

> ‘അല്ലയോ ഗൗതമാ, ശ്രവണബ്രാഹ്മണ സംഘത്തിന്റെ അധിപരും ഗണാധിപതികളും ഗണാചാര്യന്മാരും പ്രസിദ്ധ യശഃസ്വികളും തീർത്ഥങ്കരന്മാരും നിരവധി ജനങ്ങളാൽ സമ്മാനിതരുമായ പൂർണകാശ്യപൻ, മഖിലഗോശാലൻ, നിഗണ്ഠനാതപുത്തൻ, സഞ്ജയ വേലഠിപുത്തൻ, പ്രക്രുധകാത്യായനൻ, അജിതകേശകംബളൻ എന്നിവർ പോലും തങ്ങളുടെ പരമമായ ജ്ഞാനത്തെക്കുറിച്ച് അഭിമാനിക്കുന്നില്ല. പിന്നെയുണ്ടോ അല്പവയസ്കനും പുതുതായി പ്രവർഗ്ഗ്യ (സന്യാസം) സ്വീകരിച്ച ആളുമായ ഗൗതമനെപ്പറ്റി ആരെങ്കിലും അന്വേഷിക്കുന്നു!.’

പ്രസേനജിത്ത് പേടിപ്പെടുത്തിയതുപോലെയല്ല സംഭവിച്ചത്. ഗൗതമബുദ്ധൻ തന്റെ സമകാലീനനായ മറ്റേതു ദാർശനികനേക്കാളുമധികം പ്രശസ്തിയാർജിച്ചു. രണ്ടായിരത്തഞ്ഞൂറു സംവത്സരങ്ങൾ കഴിഞ്ഞിട്ടും ആയിരമായിരം ആളുകൾ അദ്ദേഹത്തെ അന്വേഷിച്ചുകൊണ്ടിരുന്നു.

ഗൗതമൻ, മഹാവീരൻ എന്നിവരുടെ കാലത്തും അതിനുമുമ്പും ബ്രാഹ്മണരുടെ തത്വശാസ്ത്രത്തേയും അവരുടെ സാമ്പത്തിക മേധാവിത്വത്തെ തന്നെയും എതിർത്ത മറ്റെത്രയോ ചിന്തകന്മാർ ഉണ്ടായിട്ടുണ്ട്. പക്ഷേ, അവരുടെ ചിന്തകൾ ബഹുജനങ്ങൾക്കിടയിൽ വേണ്ടത്ര പരന്നുപിടിച്ചു കഴിഞ്ഞിരുന്നില്ല.ബുദ്ധനും മഹാവീരനുമാണ് ബ്രാഹ്മണമേധാവിത്വത്തിനെതിരായ പ്രക്ഷോഭത്തെ ഒരു ബഹുജനപ്രസ്ഥാനമാക്കി മാറ്റിയത്. ബ്രാഹ്മണമേധാവിത്വത്തിൻ കീഴിൽ നിലനിന്നുപോന്നിരുന്ന യാഗം, ജന്തുബലി തുടങ്ങിയ മതചടങ്ങുകൾ മാത്രമല്ല, വർണ്ണ മേധാവിത്വം തന്നെ ചോദ്യം ചെയ്യപ്പെട്ടു. അധഃകൃതവർഗ്ഗക്കാർ അടിമകൾ തുടങ്ങി പണക്കാരായ കച്ചവടക്കാർ വരെയുള്ള വിവിധ ജനവിഭാഗങ്ങൾ ആവേശത്തോടും ഉത്സാഹത്തോടുംകൂടി ഈ പ്രസ്ഥാനത്തിന്റെ പിന്നിലണിനിരന്നു. □

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 4

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. മണ്ണിനടിയിലെ അത്ഭുതങ്ങൾ
2. ആര്യന്മാരുടെ വിജയം
3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ
4. തത്വചിന്തയുടെ ആരംഭം
5. ആസ്തികരും നാസ്തികരും
6. ലോകായതദർശനം
7. സാംഖ്യദർശനം
8. യോഗദർശനം
9. വൈശേഷികദർശനം
10. ന്യായദർശനം
11. മീമാംസ
12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം
13. ജൈനദർശനം
14. ബൗദ്ധദർശനം
15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും
16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും
17. ഇന്ത്യയിലെ ഫ്യൂഡലിസം
18. ഹിന്ദുമതം
19. ശങ്കരാചാര്യരുടെ അദ്വൈതവാദം
20. വിശിഷ്ടാദ്വൈതവും ദ്വൈതവും
21. ഫ്യൂഡൽ വ്യവസ്ഥയിൽ പുതിയ സാമൂഹ്യശക്തികൾ
22. ഭക്തിപ്രസ്ഥാനം
23. ബ്രിട്ടീഷ് ഭരണം
24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്
25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ
26. സ്വാമി വിവേകാനന്ദൻ
27. ശ്രീ നാരായണ ഗുരു
28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം
29. ലോകമാന്യതിലകനും അരവിന്ദഘോഷും
30. രവീന്ദ്രനാഥ ടാഗോർ
31. മഹാത്മാഗാന്ധി
32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ
33. പുതിയൊരു തത്വശാസ്ത്രത്തിലേക്ക്


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014